*റിപ്പോർട്ട് നമ്പർ*: 1.1 *(79-ാമത് ഭരണസമിതി യോഗത്തിന്റെ നടപടിക്രമം)*

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## 79-ാമത് ഭരണസമിതി യോഗത്തിന്റെ മിനിറ്റ്സ്

തീയ്യതി : **27** സെപ്റ്റംബർ **2022**, സമയം : രാവിലെ **10.30** മണി

വേദി: പെരിയാർ ഹാൾ, വെറ്ററിനറി & അനിമൽ സയൻസസ് കോളേജ്, പൂക്കോട്, വയനാട്.

(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/13649/2022)

### ഹാജരായ അംഗങ്ങൾ:

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
2. ശ്രീ. വാഴൂർ സോമൻ, എം.എൽ.എ. (മാനേജ്മെന്റ് കൗൺസിലിലെ എം.എൽ.എ. പ്രതിനിധി)
3. ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി - ധനകാര്യ വിഭാഗം പ്രതിനിധി
4. ഡോ. സജിത്ത് പുരുഷോത്തമൻ (മാനേജ്മെന്റ് കൗൺസിലിലെ അദ്ധ്യാപക പ്രതിനിധി)
5. ഡോ. ലീബ ചാക്കോ (മാനേജ്മെന്റ് കൗൺസിലിലെ അദ്ധ്യാപക പ്രതിനിധി)
6. ശ്രീ. തോമസ്. കെ.കെ. (മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി)
7. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

### സാന്നിധ്യം:

1. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
2. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
3. ഡോ. കെ. വിജയകുമാർ, ഡീൻ, സി.വി.എ.എസ്., മണ്ണുത്തി.
4. ഡോ. എസ്.എൻ. രാജകുമാർ, ഡീൻ, വി.കെ.ഐ.ഡി.എഫ്.റ്റി., മണ്ണുത്തി.
5. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം)
6. ശ്രീമതി. ഷൈല. പി.എസ്., സർവ്വകലാശാലാ ലോ ഓഫീസർ
7. ശ്രീ. മനോജ്. ടി.ആർ, ഫിനാൻസ് ഓഫീസർ (ഇൻ ചാർജ്ജ്)

യോഗം 10.40 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

സർവ്വകലാശാലയിലെ പമ്പ് ഓപ്പറേറ്റർ ആയി റിട്ടർ ചെയ്ത ശ്രീ.കെ.ജി.വിൻസെന്റ്, കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസ് ന്യൂട്രീഷൻ ഡിപ്പാർട്ട്മെന്റിൽ പ്രൊഫസർ ആയിരുന്ന പ്രൊഫ. സി.ടി.തോമസ്, സർവ്വകലാശാല മുൻ ലേബർ ഓഫീസർ ശ്രീ.വി.എം.വിജയൻ, വെറ്ററിനറി പബ്ലിക്ക് ഹെൽത്തിൽ പ്രൊഫസർ ആയിരുന്ന പ്രൊഫ. ജോസ്.എം.റ്റി. എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് യോഗം ഒരു മിനിറ്റ് മൗനം ആചരിച്ചു.

അടുത്ത കാലത്ത് സർവ്വകലാശാലക്ക് ലഭിച്ച പ്രധാന നേട്ടങ്ങളും സർവ്വകലാശാലയുടെ പ്രവർത്തനങ്ങളും ചെയർ യോഗത്തെ അറിയിച്ചു. ആയത് ചുവടെ കൊടുക്കുന്നു.

- സർവ്വകലാശാല പെൻഷൻകാർക്കുള്ള സ്മാർട്ട് കാർഡ് വിതരണോദ്ഘാടനം വി.കെ.ഐ.ഡി.എഫ്.ടി സെമിനാർ ഹാളിൽ ജൂൺ 20-ാം തീയതി ബഹു. വൈസ് ചാൻസലർ പ്രൊഫ. ഡോ. എം.ആർ ശശീന്ദ്രനാഥ് നിർവ്വഹിച്ചു.

- അന്താരാഷ്ട്ര യോഗ ദിനം വയനാട് ജില്ലയിലെ വിവിധ സ്കൂൾ/കോളേജുകളിലെ എൻ.സി.സി കേഡറ്റുകളെ ഉൾപ്പെടുത്തി സർവ്വകലാശാല ആസ്ഥാനത്തും മണ്ണുത്തി കാമ്പസിലും സംഘടിപ്പിച്ചു.

- ഒപ്പം പദ്ധതിയുടെ ഭാഗമായി മേപ്പാടി ഗ്രാമപഞ്ചായത്തിലെ വെള്ളപ്പൻകണ്ടി ആദിവാസി ഊരിൽ മൃഗ ആരോഗ്യ സംരക്ഷണ ക്യാമ്പ് സംഘടിപ്പിച്ചു. വയനാട് ജില്ലയിലെ വിവിധ ആദിവാസി പ്രദേശങ്ങളിൽ മൃഗസംരക്ഷണ സംരംഭകത്വ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതുവഴി മെച്ചപ്പെട്ട വരുമാനം കണ്ടെത്താനും അവരെ സഹായിക്കുന്നതാണ് "ഒപ്പം" പദ്ധതി.

- നമ്മുടെ രാജ്യത്ത് ഉന്നതവിദ്യാഭ്യാസം നേടിയ കഴിവുറ്റ ഉദ്യോഗാർത്ഥികൾ കൂടുതൽ വേതനം തേടി മറ്റ് രാജ്യങ്ങളിലേക്ക് പോകുന്നതു മൂലം അവരുടെ സേവനം നമുക്ക് ലഭ്യമാകാതെ പോകുന്നു. കേരള സർക്കാറിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന "Brain Gain Scheme" പദ്ധതി ഇത്തരം Brain drain തടയുന്നതിന് വേണ്ടിയാണ്. ഈ പദ്ധതി മറ്റ് രാജ്യങ്ങളിലെ ഗവേഷണ സ്ഥാപനങ്ങളിലേയും, വ്യവസായ മേഖലകളിലേയും ന്യൂതന സാങ്കേതിക വിദ്യകളും പ്രത്യേക മേഖകളിലെ നൈപുണ്യങ്ങളും കൈവരിക്കുന്നതിന് വേണ്ടി സഹായകമാകുന്ന അദ്ധ്യാപക, ഗവേഷണ നെറ്റ്വർക്ക് ഉണ്ടാക്കുന്നതിനും യോജിച്ചു പ്രവർത്തിക്കുന്നതിനും വേണ്ടിയുള്ളതാണ്. പ്രസ്തുത പദ്ധതിയിൽ കേരള വെറ്ററിനറി സർവ്വകലാശാലയുടെ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ സർട്ടിഫിക്കറ്റ് ബഹു.കേരള മുഖ്യമന്ത്രിയിൽ നിന്നും ഏറ്റുവാങ്ങി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി South Dakota State University, USA യിൽ നിന്നുള്ള Alfred Chair Associate Professor ഡോ.മനീഷ.എസ് മോഹന്റെ നേതൃത്വത്തിൽ ചെഡാർ, റിക്കോട്ട ഇനത്തിലുള്ള ചീസുകളുടെ നിർമ്മാണ പരിശീലന പരിപാടി ജൂലൈ 22 മുതൽ 23 വരെ മണ്ണൂത്തി വി.കെ.ഐ.ഡി.എഫ്.ടിയിൽ വെച്ച് നടത്തി.

- യൂണിവേഴ്സിറ്റി മെറിറ്റ് ഡേ ആഘോഷം വിപുലമായ പരിപാടികളോടെ 13.07.2022 ന് മണ്ണൂത്തിയിൽ വെച്ച് നടന്നു.

- യു.എൻ.ഡി.പി ഇന്ത്യയും, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ കോഹാർട്ട് സെന്ററും ചേർന്ന് "ഇന്ത്യയുടെ ഹൈറേഞ്ച് ഹിമാലയൻ ആവാസ വ്യവസ്ഥയിൽ ഏകാരോഗ്യ സമീപനം ആവിഷ്ക്കരിക്കൽ" ഉപപദ്ധതിയുടെ ഭാഗമായി ഉത്തരാഖണ്ഡ്, സിക്കിം എന്നിവിടങ്ങളിലെ ഹിമാലയൻ മേഖലകളിൽ ജന്തുജന്യരോഗങ്ങൾ തടയുന്നതിനായുള്ള ബോധവൽക്കരണവും, പരിശീലനവും, വൈദഗ്ധ്യ പരിപോഷണവും ആദ്യഘട്ടം പൂർത്തിയാക്കിയതായി കോഹാർട്ട് ഓഫീസർ ഇൻ ചാർജ് ഡോ.പ്രജിത് അറിയിച്ചു. ഹിമാലയൻ ആവാസ

വ്യവസ്ഥയിൽ പേ വിഷബാധ, പക്ഷിപ്പനി, ചെള്ളുപനി, എലിപ്പനി, Brucellosis എന്നീ അഞ്ച് രോഗങ്ങളെ മുൻഗണനാ ഗണത്തിലുൾപ്പെടുത്തി.

- പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർത്ഥിയായ ഡോ. സെറിൻ മേരി (2016 BVSc & AH batch) Food & Agricultural Organization അയർലണ്ടിലെ Dublin വെച്ച് നടത്തുന്ന Multi – Stockholder Partnership Meeting ആയ "Livestock Sector actions towards more sustainable food systems" ലേക്ക് തിരെഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിൽ നിന്ന് ഈ രിപാടിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 2 വിദ്യാർത്ഥികളിൽ ഒരാളാണ് ഡോ. സെറിൻ മേരി.

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 15/06/2022 – ന് നടന്ന 78–ാമത് ഭരണസമിതി യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 1.2 | 15/06/2022 – ന് നടന്ന 78–ാമത് ഭരണസമിതി യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 1.3 | <u>കെ.വി.എ.എസ്.യു./ജി.എ./സി3/12323/2020</u><br>പൊതുഭരണം/സി3 – ഹൈബ്രിഡ് ഇനം പശുവിനെയും (1എണ്ണം) ഉയർന്ന ഉത്പ്പാദനശേഷിയുള്ള 20 എണ്ണം കോഴിക്കുഞ്ഞുങ്ങളേയും രാജ്ഭവനിൽ വളർത്തുന്നതിനായി സർവ്വകലാശാലയിൽ നിന്നും നൽകിയത് – റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച്. | ശ്രദ്ധിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| 1.4 | <u>KVASU/GA/A1/13574/2022</u><br>GA/A1 – Smt. Shyla. PS, Additional Law Secretary, Law Department – Transferred and posted as Law Officer, KVASU on deputation basis – Reporting – Reg. | Noted<br>*Action: Registrar* |
| 2.1 | <u>KVASU/DAR/Acad/A2/3558/2013</u><br>DAR - Academic Programmes – Approval of result-Reg | Approved<br>*Action: DAR* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 2.2 | കെ.വി.എ.എസ്.യു./ഡി.എ.ആർ/അക്കാദ്/ ബി3/31415/2019<br><br>ഡി.എ.ആർ – താൽക്കാലികമായി നിയമിക്കപ്പെട്ട ടീച്ചിങ് അസ്സിസ്റ്റന്റ്മാർക്ക് ഗ്രേഡ് II (b) വിഭാഗം ഉദ്യോഗസ്ഥരു ടെതിനു തുല്ല്യമായി യാത്രാബത്ത കണ ക്കാക്കുന്ന രീതിക്ക് സാധൂകരണം ലഭ്യമാക്കുന്നത് – സംബന്ധിച്ച്. | നടപടി സാധൂകരിച്ചു.<br><br>*നടപടി: ഡി.എ.ആർ.* |
| 2.3 | KVASU/DAR/ACAD/A1/30900/2022<br><br>DAR – Academics - Modification of the clause 4.1 of the regulations for Junior and Senior Research Fellowship and ratification of permission granted to four students from CVAS, Mannuthy to avail Dr. B.V. Rao Research Grant – Reporting to Board of Management - Reg: | (1) Ratified<br>(2) Approved.<br><br>*Action: DAR* |
| 2.4 | KVASU/DAR/ACAD/A3/15332/2017<br><br>DAR - Academics – Reconstitution of Board of Studies under the Faculty of Poultry Science after its first meeting - Orders issued -Reg. | Ratified<br><br>*Action: DAR* |
| 3.1 | കെ.വി.എ.എസ്.യു./ജി.എ./എ1/10937/2020<br><br>പൊതുഭരണം/എ1 – കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ 2022 – ഡോ. ബിമൽ സി.ബി., അസിസ്റ്റന്റ് പ്രൊഫസറുടെ – കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷനുള്ള അപേക്ഷ പരിഗണിക്കുന്നത് – സംബന്ധിച്ച്. | ഉത്തരവ് പുറപ്പെടുവിക്കുന്നതിനു തീ രുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.2 | കെ.വി.എ.എസ്.യു/ ജി.എ/എ 2/ 13464/20<br><br>പൊതുഭരണം/എ2 – സർവ്വകലാശാ ലയിലെ അനധ്യാപക തസ്തികകളിൽ ആശ്രിത നിയമനം നൽകുന്നത് – സംബന്ധിച്ച്. | ആശ്രിത നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട സമീപകാലത്തു സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ രിശോധിച്ച ശേഷം ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിലേക്ക് കുറിപ്പ് അടുത്ത യോഗത്തിൽ സമർപ്പിക്കുന്ന തിനു തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.3 | <u>കെ.വി.എ.എസ്.യു/ജിഎ/എ2/10020/2020</u><br><br>പൊതുഭരണം/എ2 – ഓഡിറ്റ് തടസ്സം മൂലം പ്രൊമോഷൻ ആനുകൂല്യങ്ങൾ റദ്ദ ചെയ്യപ്പെട്ട വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ (JR, Dr & AR) ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെ ടുത്തുന്നത് – സംബന്ധിച്ച്. | സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമായതിനാൽ, സർക്കാർ തീരുമാനം വരുന്നതുവരെ നിലവിലുള്ള സ്ഥിതി തുടരുന്നതിനു തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.4 | <u>കെ.വി.എ.എസ്.യു/ജി.എ/എ3/11292/2021</u><br><br>പൊതുഭരണം/എ3 – ഓഡിറ്റ് തടസ്സം മൂലം പ്രൊമോഷൻ ആനുകൂല്യങ്ങൾ റദ്ദ ചെയ്യപ്പെട്ട വിരമിച്ച ജീവനക്കാരുടെ വിവരങ്ങൾ (Farm Supervisors) ഭരണസമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നത് – സംബന്ധിച്ച്. | സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമായതിനാൽ, സർക്കാർ തീരുമാനം വരുന്നതുവരെ നിലവിലുള്ള സ്ഥിതി തുടരുന്നതിനു തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.5 | <u>കെ.വി.എ.എസ്.യു/ജി.എ/എ3/11748/2022</u><br><br>പൊതുഭരണം/എ3 – മണ്ണുത്തി ഐ.ഡി വിഭാഗത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ നിയമിക്കുന്നത് –സംബന്ധിച്ച് . | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകി. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരനെ ലഭ്യമാകാത്ത പക്ഷം കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഏർപ്പെടുത്തുന്നത് പരിശോധിച്ചു നടപടികൾ സ്വീകരിക്കുന്നതിനു തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.6 | <u>കെ.വി.എ.എസ്.യു/ജി.എ/എ3/13144/2020</u><br><br>പൊതുഭരണം/എ3 – സർവ്വകലാശാല എൻജിനീയറുടെ ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നത് – സംബന്ധിച്ച് : | (1), (2) & (3) അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.7 | <u>കെ.വി.എ.എസ്.യു/ജി.എ/എ3/13004/2022</u><br><br>പൊതുഭരണം/എ3 – മണ്ണുത്തി വെറ്ററിനറി കോളേജ്, മണ്ണുത്തി VKIDFT കെട്ടിട പരിസരങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് തൂപ്പു ജോലികൾക്കായി താൽക്കാലിക സേവനം ഏർപ്പെടുത്തുന്നത് – സംബന്ധിച്ച്. | സേവനം ഏർപ്പെടുത്തുന്നതിനു അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.8 | <u>കെ.വി.എ.എസ്.യു/ജി.എ/എ4/13462/2021</u><br>പൊതുഭരണം/എ4 – കോലാഹലമേട് ബേസ് ഫാമിൽ കാഷ്വൽ തൊഴിലാളി സേവനത്തിലിരിക്കെ മരണപ്പെട്ട ബാലൻ. എസ് എന്ന തൊഴിലാളിയുടെ മാതാവായ ശ്രീമതി.വിജയ.എസ്–ന് സമാശ്വാസ തൊഴിൽ ദാന പദ്ധതിയിലുൾപ്പെടുത്തി പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നത് – സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ* |
| 3.9 | <u>കെ.വി.എ.എസ്.യു/ജി.എ/എ4/12111/2022</u><br>പൊതുഭരണം/എ4 – വിവിധ തസ്തികകളിൽ താൽക്കാലിക നിയമനം നടത്തുന്നതിനായി രൂപീകരിക്കുന്ന ഇന്റർവ്യൂ കമ്മിറ്റിയിലെ അംഗങ്ങൾക്ക് പ്രതിഫലം/ യാത്രാബത്ത അനുവദിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.10 | <u>കെ.വി.എ.എസ്.യു/ജി.എ/എ5/11331/2021</u><br><br>പൊതുഭരണം/എ5 – സർവ്വകലാശാലയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ടീച്ചിംഗ് അസിസ്റ്റന്റുമാരുടെ വേതനം പരിഷ്കരിക്കുന്നത് – സംബന്ധിച്ച്. | സമർപ്പിച്ച കുറിപ്പിൽ "ടീച്ചിംഗ് അസിസ്റ്റന്റ്/റിസർച്ച് അസിസ്റ്റന്റ് " എന്നു പറഞ്ഞിട്ടുള്ളത് "ടീച്ചിംഗ് അസ്സിസ്റ്റന്റ് " എന്ന് മാത്രമായി തിരുത്തി.<br><br>ടീച്ചിംഗ് അസിസ്റ്റന്റുമാർക്ക് പ്രതിമാസ വേതനമായി നിശ്ചയിച്ച് സമർപ്പിച്ചിട്ടുള്ള ഈ നിരക്കുകകൾ മറ്റു സ്ഥാപനങ്ങളിൽ ടി തസ്തികയിൽ നൽകി വരുന്ന വേതനവുമായി താരതമ്യ ചെയ്യുമ്പോൾ കുറവായിട്ടാണ് കാണുന്നതെന്നും അങ്ങിനെ വരുമ്പോൾ അത്യാവശ്യം ടീച്ചിംഗ് അസിസ്റ്റന്റുമാരെ സർവ്വകലാശാലയിൽ ലഭ്യമാകാത്ത സ്ഥിതി ഉണ്ടാകുമെന്നും യോഗം വിലയിരുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം തീരുമാനിച്ചു.<br><br>(1) യു.ജി.സി. മാനദണ്ഡ പ്രകാരം അധ്യാപക യോഗ്യത നേടിയിട്ടുള്ള ടീച്ചിംഗ് അസിസ്റ്റന്റുമാരുടെ പ്രതിദിന വേതനം 1,750 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 50,000 രൂപ എന്ന പരിധിയിൽ നിശ്ചയിച്ചു.<br><br>(2) അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.11 | KVASU/GA/A5/11518/2022<br><br>GA/A5 - Granting of study leave to the faculty Members to pursue Ph. D programme commencing from the academic year 2022-2023 - Proposals based on scrutiny published - for consideration and approval - reg. | Approved.<br><br>*Action: Registrar* |
| 3.12 | കെ.വി.എ.എസ്.യു./ജി.എ./എ6/13235/2022<br><br>പൊതുഭരണം/എ6 – സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ, NCAഒഴിവുകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനം – മേൽ നടപടികൾ സ്വീകരിക്കുന്നതിന് – വിദഗ്ധ സമിതി അംഗീകരിക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.13 | കെ.വി.എ.എസ്.യു/ജി.എ/സി2/11951/2020<br><br>പൊതുഭരണം/സി2 – അഡ്വ. രവി കൃഷ്ണൻ അസോസിയേറ്റ് സ്റ്റാന്റിംഗ് കൗൺസിലിന്റെ കാലാവധി 30/09/2022 മുതൽ ഒരു വർഷം ദീർഘിപ്പിക്കുന്നത് – സംബന്ധിച്ച്. | കാലാവധി നീട്ടി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. നിലവിൽ ഇദ്ദേഹം കൈകാര്യം ചെയ്യുന്ന കേസ് ഫയലുകൾ സ്റ്റാൻഡിംഗ് കൗൺസിൽ ശ്രീ. മനു ഗോവിന്ദിനു കൈമാറുന്നതിനു നിർദ്ദേശം നൽകാൻ തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.14 | കെ.വി.എ.എസ്.യു/ജി.എ/സി2/10117/2022<br><br>പൊതുഭരണം/സി2 – WP(C) 93/2022 – നമ്പർ റിട്ട് ഹർജിയിലെ 04-07-2022 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധി ന്യായം നടപ്പിലാക്കുന്നത് – സംബന്ധിച്ച്. | മാതൃസർവ്വകലാശാലയായ കേരള കാർഷിക സർവ്വകലാശാലയിൽ, ശ്രീ. ഇ.കെ.മോഹൻലാലിന്റേതിനു സമാനമായി അസി. ലൈബ്രേറിയൻ തസ്തികയിൽ സേവനത്തിലുളളവർ ബഹു. ഹൈക്കോടതി/സുപ്രീം കോടതി ഉത്തരവുകൾ സമ്പാദിച്ച് 60 വയസ്സ് വരെ സർവ്വീസിൽ തുടരുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും വെറ്ററിനറി സർവ്വകലാശാലയിലേക്ക് 'Opt' ചെയ്തു വന്ന ജീവനക്കാർക്ക്, മാതൃ സർവ്വകലാശാലയിൽ തന്നെ തുടരുമായിരുന്നെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ ആനുകൂല്യങ്ങളും വെറ്ററിനറി സർവ്വകലാശാലയിലും അനുവദിച്ചു നൽകുന്ന നയമാണ് ഇതു |

| | | |
|---|---|---|
| | | വരെ ഭരണസമിതി സ്വീകരിച്ചു വരുന്നത്. ആയതിനാൽ, കോടതി വിധി പ്രകാരം ശ്രീ. മോഹൻലാലിന്റെ അപേക്ഷ പരിഗണിക്കേണ്ടതായി വരുമ്പോൾ, മേൽ നയത്തിൽ വ്യതിചലിച്ചു കൊണ്ടുള്ള തീരുമാനം ഉചിതമാകില്ല എന്ന് ചെയർ യോഗത്തെ അറിയിച്ചു.<br><br>വിരമിക്കൽ പ്രായം 60 വയസ്സ് ആക്കി ഉയർത്തി നൽകുന്ന തീരുമാനം കൈക്കൊള്ളുകയാണെങ്കിൽ ആയത് ഇതേ രീതിയിൽ മറ്റു വിഭാഗം ജീവനക്കാരും അവകാശവാദം ഉന്നയിച്ച് മുന്നോട്ട് വരുന്നതിനിടയാകുമെന്നും ആയത് ഭാവിയിൽ സർവ്വകലാശാലക്ക് ബുദ്ധിമുട്ടുണ്ടാകുമെന്നും സർക്കാരിന്റെ ധനകാര്യ വിഭാഗം പ്രതിനിധി സഭയെ അറിയിച്ചു. തുടർന്ന് വിരമിക്കൽ പ്രായം 60 ആക്കി ഉയർത്തി നൽകുന്ന തീരുമാനമെടുക്കുകയാണെങ്കിൽ ആയതിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നതായി ബഹു. അംഗങ്ങളായ ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വിഭാഗം, ശ്രീ. തോമസ്. കെ.കെ. എന്നിവർ അറിയിച്ചു.<br><br>ബഹു. അംഗങ്ങളായ ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വിഭാഗം, ശ്രീ. തോമസ്. കെ.കെ. എന്നിവരുടെ "വിയോജിപ്പ്" രേഖപ്പെടുത്തിക്കൊണ്ട് ഡോ. മോഹൻലാൽ. ഇ.കെ., അസിസ്റ്റന്റ് ലൈബ്രേറിയന്റെ വിരമിക്കൽ പ്രായം 60 ആക്കി ഉയർത്തുന്നതിന് തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.15 | <u>കെ.വി.എ.എസ്.യു./ജി.എ./എൽ.ഒ./12562/21</u><br><br>പൊതുഭരണം/എൽ.ഒ. – തൊഴിലാളി വിഭാഗം – ഗർഭപാത്രം നീക്കം ചെയ്യൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ/ ലേബർ ഓഫീസർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.16 | <u>കെ.വി.എ.എസ്.യു./ ജി.എ./ബി1/11786/2022</u><br><br>പൊതുഭരണം/ബി1 - സർവ്വകലാശാലാ ഭരണസമിതി അംഗങ്ങളുടെ ദിനബത്തയുടെയും യാത്രാബത്തയുടെയും നിരക്കുകൾ - പുതുക്കി നിശ്ചയിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.17 | <u>കെ.വി.എ.എസ്.യു/ജി.എ/ബി1/12029/2022</u><br><br>പൊതുഭരണം/ബി1 - 42-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ അജണ്ടകുറിപ്പുകൾ - അംഗീകരിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 4.1 | <u>കെ.വി.എ.എസ്.യു/ഡി.ഇ/എ3/40854/2019</u><br><br>ഡി.ഒ.ഇ - റിവോൾവിംഗ് ഫണ്ട് പ്രൊജക്ട് - ഡെവലപിംഗ് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ - പദ്ധതി അവസാനിപ്പിച്ച് ലാഭവിഹിതം വിതരണം ചെയ്യുന്നത് - സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: ഡി.ഇ.* |
| 4.2 | <u>KVASU/DE/A3/40654/2021</u><br><br>DoE - State Plan 2021-22 - Special Package “Ksheera Samrudhi” – Continuation of the Project – Allocation of funds - Reg. | (1) & (2) Approved.<br><br>*Action: DE* |
| 6.1 | <u>കെ.വി.എ.എസ്.യു/എഫ്.ഡബ്ല്യു/അക്കൗണ്ട്സ്-1/ 22368/2020(ii)</u><br><br>ധനകാര്യം - ഭരണസമിതി യോഗത്തിൽ സർവ്വകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് വിവരങ്ങൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു മാനേജ്മെന്റ് കൗൺസിലിലേക്ക് ശുപാർശ ചെയ്തു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.2 | <u>കെ.വി.എ.എസ്.യു/എഫ്.ഡബ്ല്യു/ അക്കൗണ്ട്സ്-2/3563/2022</u><br><br>ധനകാര്യം - ഭരണസമിതിയുടെ ഈ യോഗത്തിൽ സർവ്വകലാശാലയുടെ 2016-17 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു മാനേജ്മെന്റ് കൗൺസിലിലേക്ക് ശുപാർശ ചെയ്തു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 6.3 | <u>കെ.വി.എ.എസ്.യു/എഫ്.ഡബ്ല്യു/ അക്കൗണ്ട്സ്-2/3564/2022</u><br><br>ധനകാര്യം - ഭരണസമിതിയുടെ ഈ യോഗത്തിൽ സർവ്വകലാശാലയുടെ 2017-18 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു മാനേജ്മെന്റ് കൗൺസിലിലേക്ക് ശുപാർശ ചെയ്തു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.4 | <u>കെ.വി.എ.എസ്.യു/എഫ്.ഡബ്ല്യു/ അക്കൗണ്ട്സ്-3/1034/2022</u><br><br>ധനകാര്യം - സ്റ്റേറ്റ് പ്ലാൻ - പദ്ധതി 2022-23 സ്ഥിരം തൊഴിലാളികളുടെ വേതനം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നത് സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.5 | <u>കെ.വി.എ.എസ്.യു/എഫ്.ഡബ്ല്യു/ പി.എഫ് 2 & Misc./ 21416/2019</u><br><br>ധനകാര്യം - ജനറൽ പ്രൊവിഡന്റ് ഫണ്ട്, വർക്കേഴ്സ് പ്രൊവിഡന്റ് ഫണ്ട് എന്നിവയിൽ നിന്നുള്ള താൽക്കാലിക വായ്പ, തിരിച്ചടവില്ലാത്ത വായ്പ എന്നിവയുടെ വായ്പാ പരിധി ഉയർത്തുന്നത് - സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| **അജണ്ടക്ക് പുറമേയുള്ള കുറിപ്പുകൾ** | | |
| ഒ.എ. 1 | <u>കെ.വി.എ.എസ്.യു/ജിഎ/എ4/13139/2019</u><br><br>പൊതുഭരണം/എ4 - വെറ്ററിനറി മ്യൂസിയം സ്ഥാപിക്കുന്നതിന് സർവ്വകലാശാലയുടെ മണ്ണുത്തി ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന ക്യാമ്പ് ഓഫീസ് മുഴുവനായി ഉപയോഗപ്പെടുത്തുന്നത് - സംബന്ധിച്ച്. | അനുമതി നൽകി.<br><br>*നടപടി: രജിസ്ട്രാർ* |
| ഒ.എ. 2 | <u>കെ.വി.എ.എസ്.യു./ജി.എ./എ6/12117/2022</u><br><br>പൊതുഭരണം/എ6 - സ്റ്റാറ്റ്യൂട്ടറി തസ്തികകളിലേക്ക് നിയമന പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട് സേവനം ചെയ്തു വരുന്ന ഉദ്യോഗസ്ഥരുടെ ശമ്പള നിർണ്ണയം നടത്തുന്നത് - സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| ഒ.എ. 3 | കെ.വി.എ.എസ്.യു/ജി.എ/സി 1 /12415/2021<br><br>പൊതുഭരണം/സി1 – മണ്ണുത്തി വെറ്ററിനറി കോളേജ് ക്യാമ്പസ്സിൽ പണികഴിപ്പിച്ച സർവ്വകലാശാല അതിഥി മന്ദിരങ്ങൾ, ലേഡീസ് ഹോസ്റ്റൽ എന്നിവിടങ്ങളിൽ ഫർണിച്ചർ ഉൾപ്പെടെ യുള്ള അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന തിലേക്ക് ചിലവഴിച്ച 62,97,906/- രൂപ വരുന്ന തുകയ്ക്ക് സാധൂകരണം അഭ്യർത്ഥിക്കുന്നത് – സംബന്ധിച്ച്. | സാധൂകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |

**അജണ്ടാക്കുറിപ്പുകൾക്ക് പുറത്തു നടന്ന ചർച്ചകളും തീരുമാനങ്ങളും:**

(1) ബഹു. അംഗം ശ്രീ. വാഴൂർ സോമൻ – എം.എൽ.എ. യോഗത്തിൽ ചർച്ച ചെയ്യണമെന്ന് കത്ത് നൽകി ആവശ്യപ്പെട്ടതനുസരിച്ച്, ഡോ. സ്മിത. ജെ.പി.-യെ അസി. പ്രൊഫസർ ആയി ജോലി ചെയ്തു വരവെ പിരിച്ചു വിട്ടത് സംബന്ധിച്ച വിഷയം യോഗത്തിൽ ചർച്ചക്ക് വരികയും, ആയതിൽ സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശം തേടേണ്ടതാണ് എന്ന് ബഹു. അംഗം ശ്രീ. വാഴൂർ സോമൻ – എം.എൽ.എ. അഭിപ്രായപ്പെടുകയുമുണ്ടായി. തുടർന്ന് ഈ വിഷയത്തിൽ സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശം തേടുന്നതിന് തീരുമാനിച്ചു.

(2) തെരുവ് നായക്കളുടെ ശല്യത്തിന് പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിന് ഈ വിഷയം ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്യണം എന്നാവശ്യപ്പെട്ട് വൈത്തിരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് നൽകിയ കത്ത് ചെയറിന്റെ അനുമതിയോടെ ബഹു. അംഗം ശ്രീ. തോമസ്.കെ.കെ. സഭയിൽ അവതരിപ്പിക്കുകയും, ടി വിഷയത്തിൽ ചർച്ച നടത്തുകയും ചെയ്തു.

ഈ പ്രശ്നത്തിനു പരിഹാരം കാണുന്നതിലേക്കായി ധാരാളം പ്രവർത്തനങ്ങൾ സർവ്വകലാശായുടെ നേതൃത്വത്തിൽ നടത്തി വരുന്നുണ്ടെന്നും, തുടർന്നും പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനു സർവ്വകലാശാല തീരുമാനിച്ചിട്ടുണ്ടെന്നും ചെയർ അറിയിച്ചു.

സർവ്വകലാശാല നടത്തി വരുന്ന ഇത്തരം പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന്റെ അറിവിലേക്കായി കഴിയുമെങ്കിൽ ഒരു പത്രസമ്മേളനം വിളിച്ചു ചേർക്കേണ്ടതാണ് എന്ന് ബഹു. അംഗം ശ്രീ. വാഴൂർ സോമൻ – എം.എൽ.എ. അഭിപ്രായപ്പെട്ടു.

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 12.45 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(14/10/2022 തീയതിയിൽ അംഗീകരിച്ചു)*

//True Copy//

**SECTION OFFICER - GA/B Section**